**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 344** | **06-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന് അർഹതപ്പെട്ട നികുതി വിഹിതത്തിലെ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ ഡിവിസിബിൾ പൂളിൽ നിന്നും സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട നികുതി വിഹിതം കുറച്ചതും റവന്യൂ കമ്മി ഗ്രാന്റും ജി.എസ്.ടി. നഷ്ടപരിഹാരവും നിർത്തലാക്കിയതുമാണ് സംസ്ഥാനത്തിന് അർഹതപ്പെട്ട നികുതി വിഹിതത്തിൽ കുറവിന് കാരണമായിട്ടുള്ളതെന്നത് വസ്തുതയാണോ; എങ്കിൽ ഇക്കാര്യം മറയ്ക്കാനായി ജി.എസ്.ടി. നഷ്ടപരിഹാര കുടിശിക ലഭിക്കുന്നതിലെ കാലതാമസം മാത്രമാണ് പ്രശ്നമെന്ന രീതിയിൽ ചില കേന്ദ്രങ്ങൾ തെറ്റായ പ്രചാരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച യഥാർത്ഥ വസ്തുത വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ ഡിവിസിബിൾ പൂളിൽ നിന്നും സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട നികുതി വിഹിതം കുറച്ചത് സംസ്ഥാനത്തിന് അർഹതപ്പെട്ട നികുതി വിഹിതത്തിൽ കുറവിന് കാരണമായിട്ടുള്ളതെന്നത് വസ്തുതയാണ്. റവന്യൂ കമ്മി ഗ്രാന്റ് കുറച്ചതും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയതും സംസ്ഥാനത്തിന്റെ വരുമാന സ്രോതസിനെ സാരമായി ബാധിച്ചിട്ടുണ്ട്. ഇക്കാര്യം മറയ്ക്കാനായി ജി.എസ്.ടി. നഷ്ടപരിഹാര കുടിശിക ലഭിക്കുന്നതിലെ കാലതാമസം മാത്രമാണ് പ്രശ്നമെന്ന രീതിയിൽ ചില കേന്ദ്രങ്ങൾ തെറ്റായ പ്രചാരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങൾക്ക് വീതംവെച്ച് നൽകേണ്ട ഡിവിസിബിൾ പൂളിൽ നിന്നും പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് കേരളത്തിനു ലഭിച്ചുകൊണ്ടിരുന്നത് 3.875 ശതമാനം വിഹിതമായിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലമായപ്പോൾ അത് 1.925 ശതമാനമായി കുറഞ്ഞു. ഇതിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ വെട്ടിക്കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷം തോറും കേന്ദ്രം വരുത്തുന്നത്. റവന്യൂ കമ്മി ഗ്രാന്റിൽ കേന്ദ്രം കുറവ് വരുത്തിയതുമൂലം തനതു വർഷം 6717 കോടി രൂപയുടെ കുറവുണ്ടായി. ജി.എസ്.ടി നഷ്ടപരിഹാരം അവസാനിച്ചതിന്റെ ഫലമായി നടപ്പുവർഷം ഏകദേശം 7,000 കോടി രൂപയുടെ കുറവാണുണ്ടായത്. പബ്ലിക് അക്കൗണ്ട് കടബാധ്യതയായി കണക്കാക്കിയ കേന്ദ്രനയം കാരണം ഒരു വർഷം ഏകദേശം 10,000 കോടി രൂപയുടെ വരുമാന നഷ്ടമാണ് ഉണ്ടാകുന്നത്. കിഫ്ബി, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനി തുടങ്ങി ബജറ്റിനു പുറത്ത് ധനം |

| | | | |
|---|---|---|---|
| | | | സമാഹരിക്കുന്ന സ്ഥാപനങ്ങളുടെ ബാധ്യതയെ സംസ്ഥാന സർക്കാരിന്റെ ബാധ്യതയായി പരിഗണിക്കും എന്ന നിലപാടും നമ്മുടെ കടമെടുക്കാനുള്ള ശേഷിയെ പരിമിതപ്പെടുത്തുകയാണ്. ഈ വകയിലും 3100 കോടി രൂപയുടെ കുറവുണ്ടാവും. വിപണിയിൽ നിന്നുള്ള കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തിയത് മൂലം വിഭവസമാഹരണത്തിൽ ഏകദേശം 4000 കോടി രൂപയുടെ കുറവാണുണ്ടായത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വീതം വയ്പ്പിലും കേരളം അവഗണിക്കപ്പെടുകയാണ്. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഗ്രാന്റിനത്തിൽ ലഭ്യമായത് 5141.92 കോടി രൂപ ആയിരുന്നുവെങ്കിൽ 2021-22 സാമ്പത്തിക വർഷം ഈയിനത്തിൽ 3801.75 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. |
| (ബി) | പെട്രോൾ, ഡീസൽ എന്നിവയിന്മേൽ കേന്ദ്ര സർക്കാർ ചുമത്തുന്ന സെസ്സ് എത്ര വീതമെന്ന് അറിയിക്കാമോ; ഈ ഇനത്തിൽ സംസ്ഥാനത്ത് നിന്ന് എത്ര തുക കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ സമാഹരിച്ചുവെന്ന് അറിയിക്കാമോ; | (ബി) | ഒരു ലിറ്റർ പെട്രോൾ, ഡീസൽ എന്നിവയിന്മേൽ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട അടിസ്ഥാന എക്സൈസ് നികുതി ഇനത്തിൽ യഥാക്രമം 1.4 രൂപയും 1.80 രൂപയും കേന്ദ്രസർക്കാർ ഈടാക്കുന്നുണ്ട്. ഇതിനു പുറമെ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടാത്ത രീതിയിൽ സെസ്സ് ഉൾപ്പെടെ ഒരു ലിറ്റർ പെട്രോൾ, ഡീസൽ എന്നിവയിൽ യഥാക്രമം 18.5 രൂപയും 14 രൂപയും ഈടാക്കുന്നുണ്ട്. അടിസ്ഥാന എക്സൈസ് നികുതി ഇനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ 41 ശതമാനം എല്ലാ സംസ്ഥാനങ്ങളുമായി പങ്കു വയ്ക്കേണ്ടതുണ്ട്. ഇങ്ങനെ പങ്കു വയ്ക്കുന്ന തുകയുടെ 1.925 ശതമാനം കേരളത്തിന് ലഭിക്കുന്നുണ്ട്. ഈയിനത്തിൽ സംസ്ഥാനത്തിൽ നിന്നും സമാഹരിച്ച തുക സംബന്ധിച്ച വിവരങ്ങൾ ഒന്നും കേന്ദ്രം സംസ്ഥാനവുമായി പങ്കുവെയ്ക്കാറില്ല. |
| (സി) | സംസ്ഥാനത്ത് 2015 ഏപ്രിൽ മുതൽ പെട്രോൾ,ഡീസൽ എന്നിവയിന്മേൽ പ്രതിലിറ്ററിന് ഓരോ രൂപ വീതം അധിക നികുതി ചുമത്തി വരുന്നുണ്ടോ; | (സി) | 2015-ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം സംസ്ഥാനത്ത് 2015 ഏപ്രിൽ ഒന്ന് (01.04.2015) മുതൽ പ്രതിലിറ്ററിന് ഒരു രൂപ എന്ന നിരക്കിൽ നികുതി ചുമത്തി വരുന്നുണ്ട്. |
| (ഡി) | സാമ്പത്തിക ഞെരുക്കവും ചില കേന്ദ്രങ്ങളിൽ നിന്നുള്ള പ്രതിഷേധവും ക്ഷേമ പദ്ധതികൾക്കെതിരെയുള്ള പ്രസ്താവനയും മറികടന്നുകൊണ്ട് ക്ഷേമ നടപടികൾ കാര്യക്ഷമമായി പ്രാവർത്തികമാക്കാൻ കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | വരവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് പ്രവർത്തിക്കുന്നത്. വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ